"ഭരണഭാഷ-മാതൃഭാഷ്"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - വിവരാവകാശ നിയമ പ്രകാരം അധികമായി ഒടുക്കു വരുത്തുന്ന ഫീസ് തിരികെ നൽകുന്നതിന് ഡി ഡി ഒ മാർക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (വ്യയം - ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.150/2025/ധന **തീയതി, തിരുവനന്തപുരം, 12/12/2025.**

പരാമർശം:- 1) സ.ഉ (അ)നം.102/2017/ധന. തീയതി: 07/08/2017.

2) സ.ഉ (അ) നം.71/2025/ധന. തീയതി: 31/05/2025.

ഉത്തരവ്

സൂചന (1) പ്രകാരം ധനവകുപ്പിന്റെ അനുമതി കൂടാതെ ഭരണ വകുപ്പുകൾക്ക് അനുവദിക്കാവുന്ന റവന്യൂ റീഫണ്ടിന്റെ പരിധി 50,000/- രൂപയായി ഉയർത്തിയിരുന്നു. സൂചന (2) പ്രകാരം സർക്കാർ വകുപ്പിലെ ഡി ഡി ഒ മാരെ '0070-60-118-99-00 RTI' എന്ന ശീർഷകത്തിന്റെ റീഫണ്ട് അധികാരിയായി നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സൂചന (1) പ്രകാരം വകുപ്പ് തലവന്/ ഡി ഡി ഒ യ്ക്ക് റവന്യൂ റീഫണ്ടിന്റെ അധികാരം നൽകിയിട്ടില്ലാത്തതിനാൽ സൂചന (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നതിന് തടസ്സം നേരിടാവുന്നതായി കാണുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ വെളിച്ചത്തിൽ, ട്രഷറി മുഖേന അധികമായി '0070-60-118-99-00 RTI' ശീർഷകത്തിൽ ഒടുക്കിയ തുക, 1000/- രൂപ എന്ന പരിധിക്കു വിധേയമായി തിരികെ നൽകുന്നതിനുള്ള (refund) അധികാരം ഡി ഡി ഒ മാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഗീത എം.
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്:-

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
2) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം.
3) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4) എല്ലാ ഭരണ വകുപ്പുകൾക്കും.
5) എല്ലാ വകുപ്പ് തലവന്മാർക്കും.
6) അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ.
7) എല്ലാ ജില്ലാ കളക്ടർമാർക്കും.
8) മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
9) എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറി.
10) പ്രതിപക്ഷ നേതാവിന്റെ /ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി.
11) ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
12) നോഡൽ ഓഫീസർ (www.finance.kerala.gov.in).
13) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
14) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (2444730) (SL-1/37/2023- FIN).

ഉത്തരവിൻ പ്രകാരം

Anitha

സെക്ഷൻ ഓഫീസർ